(ബി) പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിന്റെ സാമ്പത്തിക പരിമിതികളും ജീവനക്കാരെ പൂർണ്ണമായും പി.എസ്.സി. വഴി നിയമിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ലോട്ടറിയിൽനിന്നുള്ള വരുമാനം ഉപയോഗിച്ച് നടത്തപ്പെടുന്ന ഒരു പദ്ധതിയെന്ന നിലയിലും പദ്ധതി നടപ്പാക്കുന്നതിലെ അടിയന്തര സ്വഭാവം കണക്കിലെടുത്തുമാണ് നിലവിലെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ ഇപ്പോൾ ജോലിചെയ്യുന്ന ജീവനക്കാരെ ആരെയുംതന്നെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യാ ഫണ്ട്

136(2125) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യാ ഫണ്ടിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോ വർഷവും എത്ര വീതമെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്ര ; വിശദമാക്കുമോ ;

(സി) ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിച്ച തുക എത്ര വീതമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2015 മേയ് വരെ 746.76 കോടി രൂപ അനുവദിച്ചതിൽ 583.97 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വർഷവും ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം A ആയി ചേർക്കുന്നു.*

(ബി) ആകെ വിതരണം ചെയ്ത 583.97 കോടി രൂപയുടെ ജില്ലാതലത്തിലുള്ള വിശദാംശങ്ങളുടെ കണക്കെടുത്തിട്ടില്ല. ജില്ലാതലത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം B ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം

137(2126) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ബി) ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്ര ലാഭം ഉണ്ടായിട്ടുണ്ട് ;

(സി) ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ഡി) ലോട്ടറി ടിക്കറ്റ് വിൽപനയിൽ റെക്കോർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച വരുമാനവും, വരുമാനത്തിലുണ്ടായ വർദ്ധനവും ചുവടെ ചേർക്കുന്നു :

വർഷം	വിറ്റുവരവ് (രൂപ കോടിയിൽ)	വർദ്ധനവിന്റെ ശതമാനം (മുൻവർഷത്തെ അപേക്ഷിച്ച്)
2011-12	1,287.22	130.70
2012-13	2,778.80	115.87
2013-14	3,793.84	36.52
2014-15	5,445.84	43.54
2015-16 (2015 മേയ് വരെ)	896.51	10.19

LIBRARY ARCHIVES Kerala Legislative Assembly